# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1950 — 04.10.2011 ൽ മറുപടിക്ക്

## ആധാർ കാർഡ് രജിസ്ട്രേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ കുടുംബാംഗങ്ങളെയും ആധാർ കാർഡ് രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടു വരുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ അമ്പത് ശതമാനത്തോളം (60 കോടി ആളുകളെ) 2014 ഓടെ ആധാർ പദ്ധതിയുടെ കീഴിൽ കൊണ്ടു വരിക എന്നതാണ് യുണീക് ഐഡന്റിഫിക്കേഷൻ ആതോറിറ്റി ഓഫ് ഇന്ത്യയുടെ (യു.ഐ.ഡി.എ.ഐ) ലക്ഷ്യം. |
| (ബി) എങ്കിൽ ഈ പദ്ധതി സംസ്ഥാനത്ത് എങ്ങനെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കി അവസാനിപ്പിക്കുവാൻ കാലാവധി തീരുമാനിച്ചിട്ടുണ്ടോ; | (ബി) ആധാർ കാർഡ് രജിസ്ട്രേഷൻ നടപ്പാക്കുന്നത് ഒന്നിലധികം രജിസ്ട്രാർമാർ മുഖേനയാണ്. എല്ലാ സംസ്ഥാന സർക്കാരുകളും യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യു.ഐ.ഡി.എ.ഐ) യുമായി ധാരണാ പത്രം ഒപ്പു വയ്ക്കുകയും രജിസ്ട്രാർമാരായി പ്രവർത്തിക്കുകയും ചെയ്യുന്നു. കേരള സർക്കാരിനു വേണ്ടി ഐ.ടി. വകുപ്പാണ് യു.ഐ.ഡി.എ.ഐയുടെ നോഡൽ ഡിപ്പാർട്ടുമെന്റായി പ്രവർത്തിക്കുന്നത്. ഇതിനു പുറമെ പൊതുമേഖലാ ബാങ്കുകൾ, ഇന്ത്യാ പോസ്റ്റ്, എൽ.ഐ.സി തുടങ്ങിയ സ്ഥാപനങ്ങളും രജിസ്ട്രാർമാരായി പ്രവർത്തിക്കുന്നുണ്ട്.<br>കേരള സംസ്ഥാന രജിസ്ട്രാറിനു കീഴിൽ താഴെപ്പറയുന്ന മൂന്ന് സ്ഥാപനങ്ങളെയാണ് എൻറോൾമെന്റിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>1. അക്ഷയ — ഗ്രാമീണ മേഖലകളിൽ<br>2. കെൽട്രോൺ - നഗര പ്രദേശങ്ങളിൽ<br>3. ഐ.ടി.@ സ്കൂൾ - സ്കൂളുകളിൽ<br>ഈ മൂന്ന് ഏജൻസികളോടും 2012 മാർച്ച് മാസം അവസാനത്തോടെ കേരളത്തിലെ മൊത്തം ആളുകളെയും എൻറോൾ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

മേൽപ്പറഞ്ഞ മൂന്ന് ഏജൻസികൾക്ക് പുറമെ മറ്റു രജിസ്ട്രാർമാരായ എസ്.ബി.ടി, ഇന്ത്യാപോസ്റ്റ് തുടങ്ങിയവയും സംസ്ഥാനത്ത് എൻറോൾ മെന്റ് ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, ഇതിലേക്ക് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണെന്ന് അറിയിക്കുമോ;

(സി) പഞ്ചായത്ത് പ്രദേശങ്ങളിൽ അക്ഷയയേയും മുനിസിപ്പൽ പ്രദേശങ്ങളിൽ കെൽ ട്രോണി നേയുമാണ് എൻറോൾമെന്റ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

കേരള സർക്കാർ സ്വകാര്യ ഏജൻസികളെ യൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ആധാർ രജിസ്ട്രേഷൻ നടത്തുന്ന ഏജൻസിക്ക് എന്ത് ധനസഹായമാണ് സർക്കാർ നൽകുന്നത്; ഈ ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നത്;

(ഡി) കേന്ദ്ര സർക്കാർ ഓരോ ആധാർ രജിസ്ട്രേഷനും 50 രൂപ നിരക്കിൽ നൽകുന്നുണ്ട്. ഇത് ആധാർ നമ്പർ അനുവദിച്ചതിനു ശേഷമാണ് ലഭിക്കുന്നത്. ഇതിൽ 40 രൂപ (ഫീസിനത്തിൽ 38 രൂപയും 2 രൂപ വെരിഫിക്കേഷൻ ചാർജ്ജും) എൻറോൾമെന്റ് നടത്തുന്ന ഏജൻസികൾക്ക് കൊടുക്കുന്നു. 10 രൂപ കേരള സംസ്ഥാന ഐ.ടി. മിഷന്റെ ഭരണപരമായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നു.

(ഇ) ആധാർ കാർഡ് എന്ത് ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുവാൻ കഴിയുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ; പ്രസ്തുത രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എതിർപ്പുകൾ എന്തെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ?

(ഇ) ആധാർ കാർഡ് എന്നതിലുപരി 12 അക്ക ആധാർ നമ്പറിനാണ് പ്രാധാന്യം. വ്യക്തിയുടെ പത്ത് വിരലടയാളങ്ങളും കൃഷ്ണമണിയുടെ പാറ്റേണുമായി ബന്ധപ്പെടുത്തിയാണ് ആധാർ നമ്പർ ലഭ്യമാക്കുക. ഇത് ഒരു വ്യക്തിയുടെ പേര് പോലെ ഒരാളെ തിരിച്ചറിയാൻ ഉപയോഗിക്കാം. ഭാവിയിൽ എല്ലാ ഇ-ഗവേണൻസ് പദ്ധതികളുമായും ആധാറിനെ ബന്ധിപ്പിക്കാൻ സാധിക്കും. ഇതു വഴി വ്യക്തികളുടെ ഐഡന്റിറ്റി തെളിയിക്കേണ്ട ആവശ്യം വരുന്ന സന്ദർഭങ്ങളിൽ ആധാർ നമ്പർ വഴിയുള്ള പരിശോധന എളുപ്പത്തിൽ നടത്താൻ കഴിയും. പൊതു വിതരണ ശൃംഖലവഴിയുള്ള സബ്സിഡികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നത് എന്നുറപ്പു വരുത്താനും ഇത് ഉപയോഗിക്കാം.

പ്രസ്തുത രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചില മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ